**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 13-08-2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ഉദയഗിരി ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിലെ മത്സ്യകൃഷിയ്ക്ക് കുളം നിർമ്മാണം എന്ന പ്രോജക്ടിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.2684/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/10/2018

---

പരാമർശം:- 1 കണ്ണൂർ ജില്ലാ കളക്ടറുടെ 30.08.2018-ലെ 360/2018/സിസി/ഡിപിസി/ഡിപിഒ/കണ്ണൂർ നമ്പർ കത്ത്

2 27.09.2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.1(i)-ാം നമ്പർ തീരുമാനം

**ഉത്തരവ്**

ഉദയഗിരി ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടിയ മൽസ്യകൃഷിയ്ക്ക് കുളം നിർമ്മാണം എന്ന പ്രോജക്ട് മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കണമെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ആവശ്യപ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി മുൻപാകെ പരാമർശം (1) പ്രകാരം സമർപ്പിക്കുകയുണ്ടായി. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ കുളം നിർമ്മിച്ച് ടാർപോളിൻ ഷീറ്റ് വിരിച്ച് വെള്ളം സംഭരിച്ച് മൽസ്യം വളർത്തുന്നതാണ് പ്രൊജക്ട്. കുളത്തിന് മൽസ്യ വകുപ്പ് നിശ്ചയിച്ചിരിക്കുന്ന നിരക്ക് 200 ചതുരശ്ര മീറ്ററിന് 1,25,000/-രൂപയാണ്. ഇതിന്റെ 40 ശതമാനമാണ് സബ്സിഡി. കുളം നിർമ്മാണം ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലായതിനാൽ 2 0 0 ചതുരശ്ര മീറ്ററിന് 34000/-രൂപ വീതം കുറച്ച ശേഷം വിസ്തീർണ്ണമനുസരിച്ച് വകുപ്പിലെ നിരക്ക് പ്രകാരം ധനസഹായം നൽകുന്നതിന് പരാമർശം (2) പ്രകാരം അനുവാദം നൽകുകയുണ്ടായി.

2. മേൽ സാഹചര്യത്തിൽ, പടുത കുളത്തിന് മത്സ്യബന്ധന വകുപ്പ് നിശ്ചയിച്ചിരിക്കുന്ന 200 ചതുരശ്ര മീറ്ററിന് 1,25,000/-രൂപ എന്ന നിരക്കിൽ 40 ശതമാനം സബ്സിഡിയോടെ വിസ്തീർണ്ണമനുസരിച്ച് വകുപ്പിലെ നിരക്ക് പ്രകാരം പദ്ധതിയ്ക്ക് ധനസഹായം നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു. കുളം നിർമ്മാണം ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലായതിനാൽ യൂണിറ്റ് ചെലിൽ ഈ വിഹിതം (200 ചതുരശ്ര മീറ്ററിന് 34000/- രൂപ) കുറയ്ക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിന് ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസിയുടെ (FFDA) ധനസഹായവും നേടിയെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോള് എബ്രഹാം**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി, ഉദയഗിരി ഗ്രാമ പഞ്ചായത്ത്,കണ്ണൂർ

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018.10.22 10:42:19 IST
Reason: Approved
സെക്ഷൻ ഓഫീസർ